# അഗാപെ കൈയ്യെഴുത്തു മാസിക

agape

VOLUME IX

"Remember, man, you are dust and to dust you will return."
—Genesis 3:19




follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagzine.com

# CONTENTS

1. INDEX

2. EDITORIAL

3. There shall be an End for Sorrows-Article By Regi Philip, Dubai.

4. ACTS OF THE APOSTLES – A STUDY

5. WILLIAM COLGATE (LIFR HISTORY)

6. STORY

7. QUIZ

COVER PAGE DESIGN BY JUDIT JAMES , TVM, ABUDHABI

## മുഖവുര.

മഴക്കാറുള്ള ദിവസം സൂര്യനെ മേഘം മൂടിവെച്ചിരിക്കുന്നതായി കാണാം. എന്നാൽ കുറച്ചു സമയത്തിനകം സൂര്യൻ പുറത്തു വരും തന്നെ ഏറെ തേജസ്സോടും കൂടെ. നമ്മുടെ ജീവിതത്തിൽ ദൈവത്തെ അന്വേഷിപ്പാൻ സമയം കണ്ടെത്താതെ ഭൗതിക കാര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് നാം തുടർന്നു പോകുന്നു. യാന്ത്രികമായ ജീവിത യാത്രയിൽ സമയം തികയാതെ വരുന്നു ഒരു ദൈവ വിശ്വാസിക്കു പോലും. എന്നാൽ 1 തെസ്സലൊനീക്യർ 5:3-ൽ പറയുന്നതു പോലെ "അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്കു പ്രസവ വേദന വരും പോലെ അവർക്കു പെട്ടെന്നു നാശം വന്നു ഭവിക്കും; അവർക്കു തെറ്റിയൊഴിയാവതുമല്ല". നാം നിനച്ചിരിക്കാത്ത നാഴികയിൽ യേശു കർത്താവിന്റെ വരവാകും. സൂര്യൻ മേഘത്തിൽ നിന്നു മറനീക്കി പുറത്തു വരുന്നതു പോലെ.

നമ്മുടെ ജീവിതത്തിലെ എല്ലാ നന്മകൾക്കും ദശാംശം കൊടുക്കണമെന്ന് വിശുദ്ധ വചനം നമ്മെ പഠിപ്പിക്കുന്നു. ഏതൊരാൾക്കും ചെയ്യാവുന്ന വില കുറഞ്ഞ സാധനമായ പണത്തിൽ മാത്രം നമ്മൾ ദശാംശത്തെ ഒതുക്കുന്നു. എന്നാൽ ലോകത്തിൽ ഏറ്റവും വിലകൂടിയതായ നമ്മുടെ സമയത്തിൽ നമ്മൾ ദൈവത്തിന് പത്തിലൊന്ന് കൊടുക്കുന്നുണ്ടോ? കർത്താവ് തന്നെ പ്രിയ ശിഷ്യന്മാരോട് ചോദിച്ചതു പോലെ ഒരു നാഴികനേരമെങ്കിലും നിങ്ങൾക്ക് ഉണർന്നിരുന്ന് പ്രാർത്ഥിക്കുവാൻ കഴിയില്ലേ? പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ തന്നെ.

പ്രിയ സഹോദരരേ, അവൻ നമ്മോടു കാര്യം തീർക്കുന്ന നാളിൽ നമുക്കു ധൈര്യത്തോടെ അവന്റെ മുമ്പിൽ നിൽക്കുവാൻ പറ്റുമോ? നമ്മുടെ കൈകൾ ബലപ്പെട്ടിരിക്കുമോ? [യെഹെസ്കേൽ 22:14]

അഗാപെ കൈയ്യെഴുത്തു മാസിക



# There shall be an End for Sorrows

**Article- By REGI PHILIP, DUBAI**

web : www.agapemagzine.com

## കഷ്ടതയ്ക്ക് ഒരു അവസാനമുണ്ട്.

ലേഖനം. റെജി ചാലിച്ച്.
ദുബായ്.

ഞാൻ നിന്നെ താഴ്ത്തി എങ്കിലും ഇനി നിന്നെ താഴ്ത്തുകയില്ല. [നഹൂം 1:12]

കഷ്ടതകൾക്ക് ഒരു പരിധിയുണ്ട്. ദൈവം അവയെ അനുവദിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്നു. "എന്റെ കഷ്ടതകൾക്ക് ഒരവസാനമുണ്ടാകുമോ, എന്റെ ദൈവമേ, എന്തുകൊണ്ടാണ് നീ എന്നെ കൈവിട്ടത്", എന്ന് പല ഘട്ടങ്ങളിലും ഇങ്ങനെ ചോദിച്ചിട്ടുണ്ടാകും നാം ഓരോരുത്തരും. എന്നാൽ നാം എല്ലാ കഷ്ടതയോടെ കാത്തിരുന്നാൽ ദൈവത്തിന്റെ ഉചിതമായ സമയമാകുമ്പോൾ ദൈവം തന്റെ വടി നമ്മിൽ നിന്നു നീക്കം ചെയ്യും. വിശ്വാസത്തെ മുറുകെ പിടിച്ച് ആ പരിശോധനയിൽ ദൈവമുഖത്തേക്ക് നോക്കി പ്രാർത്ഥിക്കുക. നമ്മുടെ ദുഃഖങ്ങളെ സന്തോഷമാക്കുന്നതിന് കർത്താവിന് സാധിക്കും. ശോധനയും കഷ്ടതയും കുറെക്കാലത്തേക്ക് മാത്രമേ ഉള്ളൂ. അതും ദൈവമക്കൾക്ക്. ദൈവത്തെ അറിയാത്തവർക്ക് ലോകത്തിന് പ്രകാരം ജീവിക്കുന്നവർക്ക് അതിനു തക്ക ശിക്ഷ കിട്ടും. ദൈവത്തിന്റെ മുമ്പിൽ നിരന്തരം കണ്ണുനീർ പൊഴിക്കുന്നവർക്ക് തന്റെ കഷ്ടതകൾ അവൻ വേഗം മാറ്റും.

വിശ്വാസ ജീവിതം നയിച്ചിട്ട് ചില പ്രയാസങ്ങൾ നേരിടുമ്പോൾ അതിനെ തരണം ചെയ്യാൻ കഴിയാതെ വരുമ്പോൾ വിശ്വാസ ജീവിതത്തിൽ നിന്നു പലരും പിൻ വലിയാറുണ്ട്. ഇതുവരെ പ്രാർത്ഥിച്ചിട്ട് ഒന്നും നേടാൻ പറ്റിയില്ല. അതുകൊണ്ട് പഴയ അവസ്ഥയിലേക്ക് തിരികെ പോകാം അതാണ് നല്ലത്. ദൃഢമായ വിശ്വാസ ജീവിതം നയിക്കാത്തവരാണ് പിൻമാറ്റത്തിൽ വരുന്നത്. ദൈവമക്കളായി ജീവിക്കുന്നവർക്ക് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ദൈവം തീർച്ചയായും നടത്തിത്തരുമെന്ന് പറഞ്ഞു കൊടുക്കും. പിൻമാറ്റ ജീവിതം നയിക്കുന്നവർക്ക് അവരെ തന്നെ ഒന്ന് ശോധന ചെയ്താൽ മനസ്സിലാകും കഴിഞ്ഞ കാലത്ത്, വചന പ്രകാരം ആണോ ജീവിച്ചത്, അതോ വിശ്വാസ ജീവിതം മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി ആയിരുന്നുവോ.

ബൈബിളിൽ പഴയനിയമത്തിൽ യോനായുടെ പുസ്തകത്തിൽ നിനെവേയുടെ കാര്യം പറയുന്നു. മഹാനഗരമായിരുന്ന നിനെവേയിൽ സമ്പത്തിന്റെയും അധികാരത്തിന്റെയും പ്രതീകമായിരുന്നു. ദുഷ്ടതയും അക്രമവും ക്രൂരതയും വർദ്ധിച്ചു. നിനെവേ നശിക്കുന്നതിന് ദൈവം യോനാ പ്രവാചകനോട് കല്പിച്ചു നീ നിനെവേയിൽ പോയി അവരുടെ ദുഷ്ടത ദൈവത്തിന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു എന്നറിയിക്ക. എന്നാൽ യോനാ ദൈവത്തെ അനുസരിക്കാതെ കപ്പൽ കയറി വേറൊരു നഗരത്തിലേക്ക് പുറപ്പെട്ടു. എന്നാൽ യാത്രമദ്ധ്യേ ദൈവം അവനെ സന്ദർശിച്ചു നിനെവേയിൽ തന്നെ എത്തിച്ചു.

നിനെവേയിലെ പാപത്തിൽ മുങ്ങിയ ജനത്തിന്റെ മടങ്ങി വരവും യോനായുടെ പുസ്തകത്തിൽ നിന്ന് നമുക്കു വായിക്കുവാൻ കഴിയും. പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. രാജാവിന്റെ കല്പന പ്രകാരം അവരെല്ലാം ചാക്ക് ഉടുത്ത് ഉപവാസം തുടങ്ങി. അവർ ഒന്നും ഭക്ഷിച്ചില്ല. വെള്ളം പോലും കുടിച്ചില്ല. കരഞ്ഞു ദൈവത്തോട് ക്ഷമ ചോദിച്ചു. ദൈവത്തിന് അവരോട് അലിവുതോന്നി. നിനെവേ നഗരത്തെ ദൈവം നശിപ്പിച്ചില്ല. ഇതു പോലെ നമ്മുടെ കണ്ണുനീർ കാണുന്ന ദൈവം നമ്മെ കൈവിടുകയില്ല. കഴിഞ്ഞ കാലവും കർത്താവിനെ രക്ഷകനായി സ്വീകരിച്ചതിനു ശേഷവും തമ്മിൽ താരതമ്യം ചെയ്യുക. അപ്പോൾ അതു മനസ്സിലാക്കുവാൻ സാധിക്കും. നാം നമുക്കു വേണ്ടി മാത്രം ജീവിക്കരുത്. മറ്റുള്ളവരെ മാനസാന്തരത്തിലേക്ക് കൊണ്ടുവരുവാൻ ചുമതലയും നമുക്കുണ്ട്. അതിനായി പ്രാർത്ഥനയിൽ ദൈവവേല ചെയ്യുവാൻ പറ്റും.

ദൈവത്തിൽ പ്രത്യാശവയ്ക്കുക. ദൈവിക സമാധാനം ഉള്ളവരാകുക. ദൈവം ശരിയായ പാതയിൽ നടത്തിക്കൊള്ളും.

# അഗാപെ കൈയ്യെഴുത്തു മാസിക



www.agapemagazine.com

അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ. ഒരു പഠനം.

ദൈവത്തിന്റെ സ്നേഹത്തിന് വിലയും നന്ദി കരേറ്റുന്നു.

"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." ദൈവത്തിന്റെ സ്നേഹം എത്രമാത്രം മനുഷ്യരാശിയോടു ഉണ്ടെന്നുള്ളതിന്റെ ഏറ്റവും വലിയ കാര്യം. ചിന്തിച്ചു നോക്കിയാൽ അവന്റെ സ്നേഹത്തിന് അതിരുകളില്ല. എന്തിന് അവൻ നമ്മെ സ്നേഹിച്ചു. ഏതു കാരണത്താൽ അവൻ നമ്മെ തിരഞ്ഞെടുത്തു. ഒരുത്തരം എനിക്ക് കണ്ടെത്തുവാൻ കഴിയും ദൈവം സ്നേഹമാണ്. ആ സ്നേഹം ഒന്നു പ്രതിഫലിപ്പിക്കുവാൻ. പ്രിയപ്പെട്ടവരെ ഈ സ്നേഹം ഹൃദയത്തിൽ രുചിച്ചറിവാൻ സാധിച്ചിട്ടില്ലായിരുന്നുവെങ്കിൽ എത്ര കഷ്ടമായിപ്പോയേനെ എന്നു ഞാൻ വിചാരിക്കുകയാണ്. എന്നാൽ അവർ തന്നെ ദൈവ കൃപ വ്യർത്ഥമായിപ്പോകുവാൻ ഇടയാകരുത്.

അപ്പൊസ്തല പ്രവൃത്തികൾ എന്ന പുസ്തകത്തിൽ നിന്ന് തുടർമാനമായി ചിന്തിക്കുവാൻ കർത്താവ് നൽകുന്ന കൃപക്കായ് സ്തോത്രം. കഴിഞ്ഞ പ്രാവശ്യം നാം ചിന്തിച്ചു നിർത്തിയത്, പിതാവു തന്റെ സ്വന്ത അധികാരത്തിൽ വച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ നിശ്ചയിക്കുന്നത് എന്നതിനെ കുറിച്ചായിരുന്നു. എന്നാൽ ഇന്ന് നാം ചിന്തിക്കുന്നത് തന്റെ ശിഷ്യന്മാർക്ക് നൽകിയ അന്ത്യ ദൗത്യത്തെ കുറിച്ചാണ്.

'അവന്റെ സാക്ഷികൾ ആകുക'.

വാക്യം 1:8. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്കു ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എങ്ങും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു.

അന്നു തന്റെ അടുത്തു നിന്നിരുന്ന ശിഷ്യന്മാരെ കുറിച്ച് മാത്രമല്ല യേശു പറഞ്ഞത്. എല്ലാ കാലത്തിലേയ്ക്കും ഉള്ള തന്നിൽ വിശ്വസിക്കുന്ന ശിഷ്യന്മാർക്കുള്ള ഒരു ദൗത്യമായാണ് താൻ അന്നു പറഞ്ഞത്.

കാലങ്ങളെയും സമയങ്ങളെയും ഓർത്തു നിങ്ങൾ വിചാരപ്പെടേണ്ട, എന്നാൽ ഒരു കാര്യം ഞാൻ നിങ്ങളോടു പറയുന്നു. പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരും, അപ്പോൾ നിങ്ങൾക്കു പ്രവൃത്തിക്കുവാനുള്ള ശക്തി ലഭിക്കും. മുകളിലെ വാക്യത്തിൽ നമ്മൾ ചിന്തിച്ച വിഷയമാണ് യേശു കർത്താവിൽ നിന്നു കേട്ടതായ പിതാവിന്റെ വാഗ്ദത്തമായ പരിശുദ്ധാത്മാവിനെ ലഭി യെരുശലേമിൽ നിന്നു വാങ്ങിപ്പോകാതെ അവിടെ തന്നെയായിരിക്കണമെന്നുള്ളത്.

യോഹന്നാന്റെ സുവിശേഷത്തിൽ 14-ാം അദ്ധ്യായം മുതൽ കർത്താവ് അനേക കാര്യങ്ങൾ ഉപമകളൊന്നും കൂടാതെ ശിഷ്യന്മാരോട് സംസാരിക്കുന്നതായി കാണാം. യോഹന്നാൻ 16:12-13, ൽ പറയുന്നു "ഇനിയും വളരെ നിങ്ങളോടു പറവാനുണ്ട്; എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലേക്കും വഴി നടത്തും".

നമ്മുടെ ഏതൊരു പ്രവൃത്തിയും അനുവദിക്കുവാൻ പരിശുദ്ധാത്മാവ് നമുക്കു നന്നേവേണം. പ്രത്യേകിച്ച് അവന്റെ സാക്ഷികൾ ആകുവാൻ. മറിയയുടെ ജീവിതത്തെക്കുറിച്ച് ചിന്തിച്ചാൽ നമുക്ക് വ്യക്തമായും മനസ്സിലാകും യേശു വന്നു പിറക്കുവാൻ അവളുടെ ജീവിതം ഏൽപ്പിച്ചു കൊടുക്കുമ്പോൾ ദൂതൻ പറഞ്ഞത് പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും. ദൈവിക പ്രവൃത്തി എന്നിൽ നിറവേറുവാൻ ഞാൻ പൂർണ്ണമായും ഏൽപ്പിച്ചു കൊടുക്കുമ്പോൾ, എന്നിലുള്ളതെല്ലാം ഒഴിച്ചിടുമ്പോൾ ദൈവം പ്രവൃത്തിക്കും. 'ഇതാ ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ!

പ്രിയമുള്ളവരെ, ഇന്ന് അവന്റെ സാക്ഷികൾ ആകേണ്ടത് നാം ഓരോരുത്തരും ആണ്. ക്രിസ്ത്യാനിത്വം ഒരു മതമോ ജാതിയോ അല്ല. യേശു കർത്താവിന്റെ ശിഷ്യന്മാർക്കാണ് ക്രിസ്ത്യാനികൾ എന്ന പേരുണ്ടായത്. [അപ്പൊ.പ്രവൃ. 11:26]. ഇന്ന് അനേകം ആളുകൾ തങ്ങളുടെ സാമൂഹികമായ ആവശ്യങ്ങൾ നിറവേറ്റുവാനുള്ള-ഒരു ഉപാധിയായി യേശുവിനെയും, ക്രിസ്ത്യാനി എന്നുള്ള വിലാസവും കൊണ്ടു നടക്കുന്നു. ശിഷ്യത്വത്തിന്റെ പ്രത്യേകത ഒരുവൻ എന്നെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ എന്നുള്ളതാണ്.

ഞാൻ ആയിരിക്കുന്ന സ്ഥാനത്ത് അവനെ സാക്ഷിക്കുക എന്നുള്ളതാണ് ആദ്യത്തെ നമ്മുടെ ചുമതല. ഏറ്റവും പ്രയാസമേറിയതും അതുതന്നെ. കാരണം ഏറ്റവും കൂടുതൽ നമ്മെ വ്യക്തിപരമായും അറിയുന്നതും ദൈനംദിന ജീവിതത്തിൽ നമുക്കുണ്ടാകാവുന്ന എല്ലാ മാറ്റങ്ങളും നോക്കി കാണുന്നതുമായ ഒരു സമൂഹമായതുകൊണ്ട്. അവിടെ നമ്മൾ വിശ്വസ്തതയോടെ നിൽക്കുന്നുവെങ്കിൽ ദൈവത്തിനു വേണ്ടി നമുക്കു ജനങ്ങളെ നേടുവാൻ സാധിക്കും. വേറൊരു പ്രത്യേകത നമുക്കു അവരോടു സുവിശേഷം പോയി പറയേണ്ട ആവശ്യം വരുന്നില്ല. കാരണം ഞാൻ അവിടെ ജീവിച്ചു കാണിക്കയാണ്. ഫിലിപ്പോസ് കർത്താവിനോട് ചോദിച്ചു [യോഹന്നാൻ 14:9] "കർത്താവേ, പിതാവിനെ ഞങ്ങൾക്ക് കാണിച്ചു തരേണം, എന്നാൽ ഞങ്ങൾക്ക് മതി." കർത്താവു മറുപടി പറഞ്ഞത് "ഞാനിത്ര കാലം നിങ്ങളോടു കൂടെ ആയിരുന്നിട്ടും നീ എന്നെ അറിയുന്നില്ലേ ഫിലിപ്പോസെ" എന്നെ കണ്ടവൻ എന്റെ പിതാവിനെ കണ്ടിരിക്കുന്നു. ഇതേ കാര്യമാണ് നമ്മെ ആക്കിയിരിക്കുന്ന അവസ്ഥയിൽ യേശുവിനെ നമ്മിലൂടെ സാക്ഷിക്കുന്നത്. എന്നാൽ അതിനു ആവശ്യമായിരിക്കുന്നത് അനുസരിക്കുവാനുള്ള മനസ്സാണ്. യേശു പറയുമ്പോഴല്ലാതെ ഞാൻ ഒരു ചുവടും മുമ്പോട്ടു വെയ്ക്കുവാൻ പാടുള്ളതല്ല. പിതാവിന്റെ ഇഷ്ടം പൂർണ്ണമായും നിറവേറ്റിയ,

ഒരിക്കൽ പോലും തന്റെ ഇഷ്ടത്തിന് പ്രാധാന്യം നൽകാതെ ക്രൂശിലെ മരണത്തോളം അനുസരണം കാണിച്ച യേശുവിന്റെ ശിഷ്യരായ നാമും അതു തന്നെയാണ് ചെയ്യേണ്ടത്. അവൻ സൗമ്യതയും താഴ്മയും ഉള്ളവനായതു കൊണ്ട് യേശുവിന്റെ നുകം എടുത്തുകൊണ്ട് അവനോടു പഠിപ്പാൻ നമുക്കു കഴിയേണം.

ഇന്നും ഭൂമിയുടെ അറ്റത്തോളവും സാക്ഷിയാകുക എന്നുള്ളതാണ്. അനേകരെ കുറിച്ചുള്ള ആത്മീയ ഭാരം നമ്മിലുണ്ടാകണം. അതിനായി യേശു എവിടെ പറഞ്ഞു വിടുന്നുവോ അവിടേക്ക് പോകുവാൻ തയ്യാറാവുക. അനുസരിക്കുക. ജീവിതത്തിൽ നമ്മൾ കടന്നുപോകുമ്പോൾ ഒന്നും എന്റെ തീരുമാനം ആകുവാൻ പാടില്ല.

എന്നിൽ ഭരമേൽപ്പിച്ചിരിക്കുന്ന ജോലി വിശ്വസ്തതയോടെ ചെയ്തു തീർക്കുക. ഫലം കണ്ട് വിജയിച്ചു എന്നുള്ളതല്ല, ഞാൻ എത്രമാത്രം വിശ്വസ്തത കാണിച്ചു എന്നുള്ളതിനാണ് പ്രാധാന്യം.

കർത്താവ് നമ്മെ ഭൂമിയുടെ അറ്റത്തോളം സാക്ഷിയാകുവാൻ വിടുമ്പോൾ അതിനുള്ള വിഭവങ്ങളെ കുറിച്ച് ഓർത്തും നമ്മൾ ഭാരപ്പെടേണ്ട. അവിടെ നമ്മെ കാത്തിരിക്കുന്ന പ്രയാസങ്ങളെ കുറിച്ചും വേവലാതിപ്പെടേണ്ട. കഷ്ടം അനുഭവിപ്പാനും കൂടി നമുക്ക് വരം നൽകിയിരിക്കുന്നു. ഞാനി ചെയ്യുന്നതൊക്കെ യേശുവിന്റെ ഇഷ്ടമാണോ എന്നുള്ള ആത്മ പരിശോധന ഓരോ ചുവടു വെക്കുമ്പോഴും ഉണ്ടാകണമെന്നു മാത്രം. അതിന് ആവശ്യമായിരിക്കുന്നത് നിരന്തരമായി യേശുവുമായുള്ള ആശയവിനിമയം മാത്രം.

സഹോദരങ്ങളെ, നാം ഈ വാക്യം ചിന്തിച്ചു നിർത്തുമ്പോൾ, നമ്മോടു സാക്ഷിയാകുവാൻ പറഞ്ഞവൻ, ഒന്നും ചെയ്യാതെ വെറുതെ കല്പന തരുന്നവൻ മാത്രമല്ല. "പുത്രനായിരുന്നിട്ടും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നവനാണ്." [എബ്രായർ 5:8-9]

പാപം ഒഴികെ സകലത്തിലും നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടവൻ.
ഈ വലിയ ദൗത്യത്തിൽ നമുക്കും പങ്കാളികളാകാം.
ഞാനിപ്പോൾ നില്ക്കുന്ന സമൃദ്ധിയായ യെരുശലേമിലും, പുറത്തേക്കും, പിന്നെ, പിന്നെ, ഭൂമിയുടെ അറ്റത്തോളവും... അവന്റെ സാക്ഷികളാകാം... ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ!


അഗാപെ കൈയ്യെഴുത്തു മാസിക
WILLIAM COLGATE
(LIFE-HISTORY)
www.agapemagazine.com

# അഗാപെ കൈയ്യെഴുത്തു മാസിക

## വില്യം കോൾഗേറ്റ് - [ജീവചരിത്രം]

ലണ്ടനിലെ ഷേർഹാം എന്ന കൊച്ചു പട്ടണത്തിലെ വീട്ടിൽ രാത്രി ഉറക്കമായിരുന്നു 12 വയസ്സുകാരൻ വില്യം കോൾഗേറ്റ്. അന്നേരം വീട്ടിന്റെ മുൻവാതിൽ ഉറക്കെ മുട്ടുന്ന സ്വരം കേട്ട് അവൻ ഉണർന്നു. അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി, വില്യം പിറ്റ് അയച്ച രഹസ്യദൂതൻ ആയിരുന്നു വാതിൽ തട്ടിയത്. വില്യം കോൾഗേറ്റിന്റെ പിതാവ്, റോബർട്ട് കോൾഗേറ്റിന്റെ ഉറ്റസുഹൃത്തായിരുന്നു വില്യം പിറ്റ്. സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പോരാട്ട വേളയിൽ റോബർട്ട് കാട്ടിയിരുന്ന സഹാനുഭൂതി നിമിത്തം മരണശിക്ഷയോ തടവുശിക്ഷയോ ലഭിക്കുവാൻ സാധ്യതയുള്ളതിനാൽ മുമ്പുകൂട്ടി തന്നെ സുഹൃത്തിനോട് ഇംഗ്ലണ്ട് വിടാനായി അറിയിച്ചു നൽകുവാൻ വിട്ടതായിരുന്നു പിറ്റ്. മാർച്ച് 1795ൽ കോൾഗേറ്റ് കുടുംബം ബാൾട്ടിമോറിലേക്ക് കപ്പൽ കയറി. അമേരിക്കയിൽ എത്തിയ അവർ അവിടെ കൃഷിക്കാരായി ജീവിക്കുവാൻ തുടങ്ങി. വില്യമിന്റെ പിതാവ്, റോബർട്ട്, റാൽഫ് മാഹിറുമായി സോപ്പും മെഴുകുതിരിയും ഉണ്ടാക്കുന്ന ചെറുകച്ചവടം ആരംഭിച്ചു. വില്യം ഇരുവരെയും സഹായിച്ചിരുന്നു.

രണ്ട് വർഷത്തിനു ശേഷം ഈ കച്ചവടം നിർത്തി, റോബർട്ട് കൃഷിയിൽ വ്യാപൃതനായി. 19 വയസ്സുകാരനായ വില്യമിനു ബിസിനസ്സിനോടായിരുന്നു താൽപര്യം. സ്വന്തമായി കച്ചവടം ആരംഭിച്ചെങ്കിലും ഒരു വർഷത്തിനുള്ളിൽ കച്ചവടം നഷ്ടത്തിലായി. എന്നാൽ തോറ്റുകൊടുക്കുവാൻ വില്യം തയ്യാറല്ലായിരുന്നു. ന്യൂയോർക്കിൽ പോയി ശ്രമിക്കാനായി അടുത്ത തീരുമാനം.

യാക്കോബിന്റെ പ്രതിജ്ഞ പഴയനിയമത്തിൽ വില്യം വായിച്ചു. "ദൈവമായ കർത്താവ് എന്റെ കൂടെ ഉണ്ടായിരിക്കുകയും, ഈ യാത്രയിൽ എന്നെ സംരക്ഷിക്കുകയും എനിക്ക് ഉണ്ണുവാനും ഉടുക്കുവാനും തരികയും എന്റെ പിതാവിന്റെ വീട്ടിലേക്ക് സമാധാനത്തോടെ ഞാൻ തിരിച്ചെത്തുകയും ചെയ്താൽ കർത്താവായിരിക്കും എന്റെ ദൈവം. ഞാൻ തുണയായി-

ഒരിക്കൽ പോലും തന്റെ കഷ്ടത്തിന് പ്രാധാന്യം നൽകാതെ ക്രൂശിലെ മരണത്തോളം അനുസരണം കാണിച്ച യേശുവിന്റെ ശിഷ്യരായ നാമും അതുതന്നെയാണ് ചെയ്യേണ്ടത്. അവൻ സൗമ്യതയും താഴ്മയും ഉള്ളവനായതുകൊണ്ട് യേശുവിന്റെ നുകം എടുത്തുകൊണ്ട് അവനോടു പഠിപ്പാൻ നമുക്കു കഴിയണം.

ഇനിയും ഭൂമിയുടെ അറ്റത്തോളവും സാക്ഷിയാകുക എന്നുള്ളതാണ്. അനേകരെ കുറിച്ചുള്ള ആത്മീയ ഭാരം എനിക്കുണ്ടാകണം. അപ്പോൾ യേശു എന്നെ പറഞ്ഞുവിടുമ്പോൾ അവിടേക്ക് പോകുവാൻ തയ്യാറാവുക. അനുസരിക്കുക. ഭൂമിയിൽ നമ്മൾ കണ്ടതുപോലെ ഒന്നും എന്റെ നിർബന്ധമായി ആകുവാൻ പാടില്ല.

എന്നിൽ ഭരമേല്പിച്ചിരിക്കുന്ന ജോലി വിശ്വസ്തതയോടെ ചെയ്തു തീർക്കുക. എത്രകണ്ടു വിജയിച്ചു എന്നുള്ളതല്ല, ഞാൻ എത്രമാത്രം വിശ്വസ്തത കാണിച്ചു എന്നുള്ളതിനാണ് പ്രാധാന്യം.

കർത്താവ് നമ്മെ ഭൂമിയുടെ അറ്റത്തോളം സാക്ഷിയാകുവാൻ വിടുമ്പോൾ അതിനുള്ള വിഭവങ്ങളെ കുറിച്ച് ഓർത്തും നമ്മൾ ഭാരപ്പെടേണ്ട. അവിടെ നമ്മെ കാത്തിരിക്കുന്ന പ്രയാസങ്ങളെക്കുറിച്ചും വേവലാതിപ്പെടേണ്ട. കഷ്ടം അനുഭവിപ്പാനും കൂടി നമുക്ക് വരം നല്കിയിരിക്കുന്നു. ഞാനി ചെയ്യുന്നതൊക്കെ യേശുവിനു ഇഷ്ടമാണോ എന്നുള്ള ആത്മപരിശോധന ഓരോ ചുവടു വെക്കുമ്പോഴും ഉണ്ടാകേണ്ടതു മാത്രം. അതിനു ആവശ്യമായിരിക്കുന്നത് നിരന്തരമായി യേശുവുമായുള്ള ആശയവിനിമയം മാത്രം.

സഹോദരങ്ങളെ, നാം ഈ വാക്യം ചിന്തിച്ചു നിർത്തുമ്പോൾ, നമ്മോടു സാക്ഷികളാകുവാൻ പറഞ്ഞവൻ, ഒന്നും ചെയ്യാതെ വെറുതെ കല്പന തരുന്നവൻ മാത്രമല്ല. "പുത്രനായിരുന്നിട്ടും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നവനാണ്." [എബ്രായർ 5:8-9]

വിദ്യാഭ്യാസത്തിനു വേണ്ടി വരുമാനയധികം പണം സംഭാവന ചെയ്തിരുന്നു. അതിലൊന്ന്, ന്യൂയോർക്കിലെ പ്രശസ്തമായ മാഡിസൺ കോളേജിലേക്കായിരുന്നു. ഇന്നത്തെ കോൾഗേറ്റ് സർവ്വകലാശാല.


ദൈവവുമായി താൻ നടത്തിയ പ്രതിജ്ഞയും ഉടമ്പടിയും ഒരിക്കലും മറന്നില്ല. വില്യം. അയാൾ സമ്പാദിച്ച ആദ്യത്തെ ഡോളർ മുതൽ പത്തിലൊന്ന് പ്രതിഫലേച്ഛ കൂടാതെ, ഉദാര മനസ്കതയോടെ സംഭാവന ചെയ്തിരുന്നു. കച്ചവടത്തിൽ വരുമാനയധികം അഭിവൃദ്ധി ഉണ്ടായപ്പോൾ അത് വിഹിതം, 20 ശതമാനമായും പിന്നീട് 30 ശതമാനമായും കൂട്ടി. തന്റെ ക്ഷേമത്തിനൊപ്പം, അർപ്പണമനോഭാവവും വളർന്നു.

ദൈവം തനിക്ക് തിരിച്ചു നൽകിയ വാഗ്ദാനം [മലാഖി 3:10, ദശാംശം മുഴുവൻ കലവറയിലേക്ക് കൊണ്ടുവരുവിൻ, എന്റെ ആലയത്തിൽ ഭക്ഷണം ഉണ്ടാകട്ടെ; ഞാൻ നിങ്ങൾക്കായി സ്വർഗ്ഗ കവാടങ്ങൾ തുറന്ന് അനുഗ്രഹം വർഷിക്കുകയില്ലയോ എന്നു നിങ്ങൾ പരീക്ഷിക്കുവിൻ"] നിറവേറുന്നതായി കണ്ടു.

ബൈബിളിന്റെ തർജ്ജമ, പ്രസിദ്ധീകരണം, വിതരണം എന്നിവയിൽ വില്യം തല്പരനായിരുന്നു. 1816-ൽ അമേരിക്കൻ ബൈബിൾ സൊസൈറ്റിയും, പിന്നീട് വിദേശ ബൈബിൾ സൊസൈറ്റിയും രൂപവൽക്കരിക്കുവാൻ സഹായിച്ചു.

1857 മാർച്ച് 25-ന് സോപ്പു രാജാവ് അന്തരിച്ചു. എന്നാൽ 'കോൾഗേറ്റ്' എന്ന ബ്രാൻഡ് നാമം ലോകമെമ്പാടും ഇന്ന് അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രം പോലെ ഉള്ളവർ അനേകരാണ്. ക്രാഫ്റ്റ് [ക്രാഫ്റ്റ് ഫുഡ്സ്], ഹെൻട്രി ജോൺ, ഹെൻസ്, [കെച്ചപ്പ് ] എന്നിവർ ജീവിച്ചിരുന്നപ്പോൾ 10% സംഭാവന ചെയ്തിരുന്നെങ്കിലും, മരിക്കുന്നതിനു മുൻപ് അവരുടെ 100 ശതമാനം ലാഭവും, വരുമാനവും സംഭാവന ചെയ്തവരായിരുന്നു.

വിവർത്തനം: ഷീനാ മനോജ്, ദുബായ്.


മാസിക
STORY
www.agapemagazine.com

## ഓഷോ. ഓഷോ പറഞ്ഞ കഥകൾ എന്ന പുസ്തകത്തിൽനിന്നും

ദൈവം വീണ്ടും അരുൾ ചെയ്തു. "ഭൂമി എല്ലാത്തരം ജീവജാലങ്ങളെയും, നാല്ക്കാലികൾ, ഇഴജന്തുക്കൾ, കാട്ടുമൃഗങ്ങൾ എന്നിവയെയും പുറപ്പെടുവിക്കട്ടെ". അങ്ങനെ സംഭവിച്ചു. [ഉൽപത്തി 1:24]

ദൈവം കഴുതയെ സൃഷ്ടിച്ചപ്പോൾ പറഞ്ഞു, "നീ ഇന്നുമുതൽ ഒരു കഴുതയായിരിക്കും. സൂര്യോദയം മുതൽ അസ്തമയം വരെ നീ മനുഷ്യരുടെ വിഴുപ്പു കെട്ടുകളും വിറകും മറ്റും വഹിച്ചുകൊണ്ട് നടക്കും. നീ ഭൂമിയിലെ പുല്ല് തിന്ന് ജീവിക്കും. ബുദ്ധിശക്തി നിനക്ക് തീരെ കുറവായിരിക്കും. എത്ര തല്ലു കൊണ്ടാലും നീ കുലുങ്ങുകയില്ല. നിനക്ക് ഞാൻ 50 വർഷത്തെ ആയുസ്സ് നല്കുന്നു.

അപ്പോൾ കഴുത പറഞ്ഞു: "എന്റെ ദൈവമേ 50 വർഷത്തോളം മനുഷ്യരുടെ വിഴുപ്പും വഹിച്ചു കൊണ്ടു ജീവിക്കുക വലിയ പ്രയാസമായിരിക്കും. എനിക്ക് 20 വർഷത്തെ ആയുസ്സ് മതി". ദൈവം കഴുതയുടെ ആവശ്യം അംഗീകരിച്ചു.

അടുത്തത് പട്ടിയുടെ ഊഴമായിരുന്നു. ദൈവം പറഞ്ഞു. "നീ നായ എന്നു അറിയപ്പെടും. നിന്നെ ഞാൻ മനുഷ്യരുടെ വീടിന്റെയും പറമ്പിന്റെയും കാവല്ക്കാരനായി നിയമിക്കുന്നു. നീ അവന്റെ വിശ്വസ്തനായ സേവകനായിരിക്കും. അവൻ കഴിക്കുന്ന ഭക്ഷണത്തിന്റെ അവശിഷ്ടങ്ങളായിരിക്കും നിന്റെ ഭക്ഷണം. നിനക്കു ഞാൻ 30 വർഷത്തെ ആയുസ്സ് നല്കുന്നു.

അപ്പോൾ നായ പറഞ്ഞു. "എന്റെ സ്രഷ്ടാവേ, അങ്ങ് പറയുന്നതു പോലെ ഞാൻ അനുസരിച്ചോളാം. ഞാൻ മനുഷ്യരുടെ കാവല്ക്കാരനാകാം. പക്ഷെ 30 വർഷം അല്പം കൂടുതലാണ്. അത് പകുതിയാക്കി കുറച്ചു തന്നാൽ വലിയ ഉപകാരമായിരിക്കും". നായയുടെ അപേക്ഷയും ദൈവം അംഗീകരിച്ചു.

ദൈവം പിന്നെ സൃഷ്ടിച്ചത് കുരങ്ങനെയായിരുന്നു. അവനോട് പറഞ്ഞു. "നീ കുരങ്ങൻ എന്ന് അറിയപ്പെടും. കായ്കനികൾ ഭുജിച്ച് നീ ജീവിക്കും. മരച്ചില്ലകൾ തോറും നീ ചാടും. മരക്കൊമ്പുകളിൽ തൂങ്ങികിടന്ന് പല വേലകളും കാണിക്കുവാൻ നിനക്ക് കഴിവുണ്ടായിരിക്കും. മനുഷ്യരുടേതു പോലുള്ള മുഖഭാവങ്ങളും ചേഷ്ടകളും നീ കാണിക്കും. നീ ഒരു സർക്കസ്സുകാരനെ പോലെ മറ്റുള്ളവരെ ചിരിപ്പിക്കും. നിനക്ക് 20 വർഷത്തെ ആയുസ്സ് നല്കുന്നു."

അപ്പോൾ കുരങ്ങ് പറഞ്ഞു. "ദൈവമേ ഞാൻ പല കളികളും കാണിച്ച് മനുഷ്യനെയും മറ്റു മൃഗങ്ങളെയും ചിരിപ്പിക്കാം. പക്ഷേ 20 വർഷം ഒരു കോമാളിയായിട്ട് ജീവിക്കുക അല്പം കഠിനം തന്നെ. അത് പത്ത് വർഷമായിട്ട് കുറച്ചു തരണം." ദൈവം കുരങ്ങന്റെയും അപേക്ഷ സാധിച്ചു നല്കി.

അവസാനം ദൈവം മനുഷ്യന്റെ അടുത്തു എത്തി. അവനോട് പറഞ്ഞു. "ഞാൻ നിന്നെ എന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കുകയാണ്. കടലിലെ മത്സ്യങ്ങളുടെയും, ആകാശത്തിലെ പറവകളുടെയും, നാല്ക്കാലികളുടെയും, ഭൂമി മുഴുവന്റെയും മേൽ നിനക്ക് ആധിപത്യം ഉണ്ടായിരിക്കും. നീയായിരിക്കും ഭൂമിയിൽ വച്ച് ഏറ്റവും ബുദ്ധിയുള്ളവൻ. മറ്റു മൃഗങ്ങളെ ഭരിക്കുവാൻ നിനക്ക് കഴിവുണ്ടായിരിക്കും. നിനക്ക് ഞാൻ 25 വർഷത്തെ ആയുസ്സ് തരുന്നു."

അപ്പോൾ മനുഷ്യൻ പറഞ്ഞു. "ദൈവമേ, എന്നെ എല്ലാ ജീവജാലങ്ങളുടെയും അധിപനായി നിശ്ചയിച്ചതിന് ഞാൻ അങ്ങേക്ക് നന്ദി പറയുന്നു. എന്നാൽ എനിക്ക് 25 വർഷത്തെ ആയുസ്സേ ഉള്ളല്ലോ എന്ന ഒരു സങ്കടമുണ്ട്. ദയവായിട്ട് എന്റെ ആയുസ്സ് അല്പം കൂട്ടണം. ആ കഴുത വേണ്ടെന്നു പറഞ്ഞ 30 വർഷവും, നായ ഉപേക്ഷിച്ച 15 വർഷവും, പിന്നെ കുരങ്ങന്റെ ബാക്കിയുള്ള 10 വർഷവും എനിക്കു തന്നാൽ വളരെ ഉപകാരമായിരിക്കും."

"അങ്ങനെ ശരിയാകുമെന്നു തോന്നുന്നില്ല മകനെ" ദൈവം പറഞ്ഞു.

"ഞാനത് എന്റെ ബുദ്ധി ഉപയോഗിച്ച് ശരിയാക്കിക്കൊള്ളാം." യാചനയോടെ മനുഷ്യൻ അപേക്ഷയും പ്രകടിപ്പിച്ചു.
"ശരി എല്ലാം നിന്റെ ഇഷ്ടം" അവസാനം ദൈവം മനുഷ്യന്റെ ആവശ്യവും അംഗീകരിച്ചു.
അന്നു മുതൽ മനുഷ്യൻ തന്റെ ആയുസ്സിന്റെ ആദ്യത്തെ 25 വർഷം ഒരു കുഞ്ഞു മനുഷ്യനായി തന്നെ ജീവിക്കുന്നു. അതു കഴിഞ്ഞ് അവന്റെ വിവാഹം നടക്കുന്നു. പിന്നീട് ഏതാണ്ട് 30 വർഷത്തോളം ഒരു കഴുതയെപ്പോലെ ഭാരം വഹിക്കുന്നു. കുടുംബത്തെ പോറ്റാനായിട്ട് കഠിനാധ്വാനം ചെയ്യുന്നു. പിന്നീട് അവന്റെ മക്കൾ വലുതായി കഴിയുമ്പോൾ അവന്റെ ജീവിതം നായയുടേതുപോലെയാണ്. വീടും പറമ്പും സംരക്ഷിക്കുക മക്കൾ തരുന്നത് തിന്ന് വിശ്രമിക്കുക. അവസാനം അവൻ വയസ്സാകുമ്പോൾ അവന്റെ വാസം കുറച്ചുനാൾ ഒരു മകന്റെ കൂടെ, പിന്നെ കുറെ ദിവസങ്ങൾ മറ്റൊരു മകന്റെ കൂടെ, അല്ലെങ്കിൽ മകളുടെ കൂടെ. കുരങ്ങൻ ഒരു മരത്തിൽ നിന്ന് മറ്റൊരു മരത്തിലേക്ക് ചാടുന്നതുപോലെ. അവന്റെ കൊച്ചുമക്കളെ സന്തോഷിപ്പിക്കുവാൻ അവൻ പലപ്പോഴും ഒരു കുരങ്ങിന്റെ ചേഷ്ടകൾ കാണിക്കുന്നു.
ഇതുകൊണ്ടാണോ ദേഷ്യം വരുമ്പോൾ നമ്മൾ ചിലരെ, "നീ ഒരു കഴുതയാണ്", "പോടാ പട്ടി", "കുരങ്ങാ" എന്നൊക്കെ വിളിക്കുന്നത്.

മനുഷ്യന്റെ ഒരിക്കലും അടങ്ങാത്ത ആർത്തിയെ കാണിക്കുന്ന ഒരു സാങ്കല്പിക കഥമാത്രമാണ് ഇത്. ഇതുകൊണ്ട് തൃപ്തിപ്പെടുവാൻ നമുക്ക് കഴിയുന്നില്ല. പൗലോസ് അപ്പോസ്തലൻ തിമൊഥെയോസിന് എഴുതിയ ലേഖനത്തിൽ [1 തിമൊ. 6:7-8] കാണുന്നു. "ഈ ലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല; ഇവിടെ നിന്നു യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ഉണ്ണാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു വിചാരിക്ക. സംതൃപ്തിയുള്ള ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ നമുക്ക് സാധിക്കട്ടെ!




# അഗാപെ കൈയ്യെഴുത്തു മാസിക

# QUIZ

Email id: agape.magasine@gmail.com

## ചോദ്യാവലി.

1. യേശുവിന്റെ 12 ശിഷ്യന്മാരിൽ 2 പേർ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരായിരുന്നു. അവരിൽ ഒരാളുടെ പേർ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. അടുത്തയാളിന്റെ പേര്?
2. യേശുവിന്റെ 2 ശിഷ്യന്മാരുടെ മരണ വിവരം ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആരുടെയൊക്കെ? എങ്ങനെ?
3. യേശുവും യോഹന്നാൻ സ്നാപകനും തമ്മിലുള്ള പ്രായവ്യത്യാസം?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം agape@agapemagazine.com, അല്ലെങ്കിൽ agape.magazine@gmail.com.

കഴിഞ്ഞ ലക്കത്തിലെ ചോദ്യത്തിന്റെ ഉത്തരങ്ങൾ.

1. നോഹ, ദാനിയേൽ, ഇയ്യോബ് എന്നീ മൂന്നു പേരുടെ പേരുകൾ ഒരുമിച്ചു പറഞ്ഞിരിക്കുന്ന വേദഭാഗം.
   യെഹെസ്കേൽ 14:14.
2. തെയോഫിലോസ് എന്ന വാക്കിന്റെ അർത്ഥം എന്ത്?
   സ്നേഹിതൻ.
3. സങ്കീർത്തനങ്ങൾ 3ാം പുസ്തകം ഏത് അദ്ധ്യായം മുതൽ ഏത് അദ്ധ്യായം വരെ?
   സങ്കീർത്തനങ്ങൾ 73 മുതൽ 89 വരെ.

ശരി ഉത്തരം അയച്ചത്. മനോജ് ദുബായ്, ഷീന മനോജ് ദുബായ്.